യേശു അവരോടു പറഞ്ഞു; ഞാനാണ് ജീവന്റെ അപ്പം.
എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല.
എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല.
(യോഹന്നാൻ 6:35)



# ടച്ച് മീ

TOUCH ME

മെയ് 2023

A



# 3rd Year of Remembrance





## Thressiama Baby

CHUNGATH HOUSE
KUNNAMKULAM

| Born | Died |
|---|---|
| *30-09-1941* | *09-05-2020* |




# ടച്ച് മീ
TOUCH ME

**പാരിഷ് ബുള്ളറ്റിൻ**

പുസ്തകം : 15 – 2023 മെയ് – ലക്കം : 9





സെന്റ്. സെബാസ്റ്റ്യൻസ് കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
മറ്റം ഫെറോന – തൃശ്ശൂർ അതിരൂപത
kunnamkulamch@adtcr.org
www.touchmekkm.in


ESTD : 1747


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ദാവീദ് വിതയത്തിൽ**
70120 43479

എഡിറ്റർ
**ജോണി ബെപ്പോ**
93493 79009

സബ്ബ് എഡിറ്റേഴ്സ്
**സിസ്റ്റർ ഗീതിമരിയ** CMC
94958 55603

**M.K. ദേവസ്സി**
94953 28758

**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**V.C. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**M.L. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
**എൻ.ജെ. ജെയ്മോൻ** 88489 29956
**കെ.ജെ. ജെയ്സൺ** 99476 59286
**ജോസ് കിരൺ** 85476 68766


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| വിശ്വാസപരിശീലനം | 5 |
| സഭാ വാർത്തകൾ | 7 |
| ഭക്തസംഘടനാ മീറ്റിംഗുകൾ | 8 |
| ഇന്നത്തെ യുവജനങ്ങളും... | 9 |
| ദൈവദർശൻ ക്യാമ്പ് | 12 |
| മാതാപിതാക്കളോട്... | 13 |
| കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ | 16 |
| ഓർമ്മിക്കേണ്ട ദിനങ്ങൾ | 17 |
| വലിയനോമ്പ് ഒരു എത്തിനോട്ടം | 18 |
| സ്വരം ശ്രവിക്കുമ്പോൾ | 22 |
| ഫാറ്റിലിവർ എങ്ങനെ തടയാം | 25 |
| പാചക കോർണർ | 27 |
| നിറംകൊടുക്കാമോ | 29 |
| ചിത്രശാല | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

മെയ് മാസം പരിശുദ്ധ ദൈവമാതാവിന് പ്രതിഷ്ഠിക്കപ്പെട്ട ദിനങ്ങൾ. ജപമാല ഭക്തിയിൽ വളരാൻ പരിശുദ്ധ അമ്മ നമ്മെ സഹായിക്കും. ഈശോയുടെ ഏറ്റവും അടുത്ത ബന്ധുക്കൾക്ക് സഹനമാണ് അവകാശമായി ലഭിച്ചത്. ദൈവപുത്രന്റെ മാതാവിന് ഹൃദയം പിളർക്കുന്ന വാളാണ് സമ്മാനമായി നൽകപ്പെട്ടത്. ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുക സന്തോഷപ്രദവും ഒപ്പം ദുഃഖസാന്ദ്രവുമാണ്.

വിക്ടോറിയ രാജ്ഞി പ്രിൻസിപ്പാൾ ടുള്ളോക്കിന്റേയും വീട്ടുകാരുടേയും ഉത്തമ സുഹൃത്തായിരുന്നു. രാജ്ഞിയുടെ ഭർത്താവ് ആൽബർട്ട് രാജാവ് മരിച്ച അതേസമയത്തുത ന്നെയാണ് പ്രിൻസിപ്പാൾ ടുള്ളോക്കും മരിച്ചത്. വിക്ടോറിയ രാജ്ഞിയും ടുള്ളോക്കിന്റെ ഭാര്യയും അനാഥരായി. ഒരു ദിവസം അപ്രതീക്ഷിതമായി വിക്ടോറിയ രാജ്ഞി മിസ് ടുള്ളോക്കിനെ സന്ദർശിക്കാനെത്തി. രാജ്ഞി എത്തിയ വിവരം കേട്ട് തന്റെ കസേരയിൽ നിന്നും എഴുന്നേറ്റ് ഉപചരിക്കാൻ ശ്രമിച്ച മിസ്സിസ് മുള്ളോക്കിന്റെ അടുത്ത് ചെന്ന് രാജ്ഞി പറഞ്ഞു.

'പ്രിയപ്പെട്ടവളെ, എഴുന്നേൽക്കേണ്ട. പ്രജയുടെ അടുത്തേക്ക് രാജ്ഞി എന്ന പോലെയല്ല, ഭർത്താവ് മരിച്ച ഒരു സ്ത്രീ, ഭർത്താവ് മരിച്ച മറ്റൊരു സ്ത്രീയെ സന്ദർശിക്കുന്നതാണിത്.

ഇതുപോലെ, ദൈവമാതാവിനെപ്പോലെയല്ല, ദാസിയെപ്പോലെയാണ് പരിശുദ്ധ അമ്മ എലിസബത്തിനെ സന്ദർശിച്ചത്. മറിയത്തിന്റെ സ്തോത്രഗീതത്തിൽനിന്ന്, എളിമയുടെ പാഠം നമുക്ക് അഭ്യസിക്കാം. ദൈവം തന്റെ ദാസരുടെ എളിമയെ കടാക്ഷിക്കുന്നു. ശക്തനായ അവനാണ് അശക്തരായ നമ്മെ കാത്തുരക്ഷിക്കുന്നത്.

നമ്മുടെ കയ്യിലെ ജപമാലയിലെ ഓരോ ജപമണികളും എളിമ എങ്ങനെ പാലിക്കണമെന്ന് നമ്മെ ഓർമ്മിപ്പിച്ചുതരുന്നു.

തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവ് ഏതുതൊഴിലും ഏറ്റവും മഹത്തായതാണെന്ന് നമ്മെ പഠിപ്പിക്കുന്നു. ഇന്ന് നമ്മുടെ നാട്ടിൽ തൊഴിലുകൾ തരം തിരിച്ചിരിക്കുകയാണ്. ഉയർന്ന തൊഴിൽ, താഴ്ന്ന തൊഴിൽ എന്നിങ്ങനെ. എന്നാൽ പുറം രാജ്യങ്ങളിൽ തൊഴിലിനെ സേവനമായി കാണുന്നവരാണ്. ഇവിടെയാണ് വി. യൗയസേപ്പിതാവ് നമുക്ക് മാതൃകയാകുന്നത്. ദരിദ്രരെ സുവിശേഷം അറിയിക്കുവാനാണ്, അവിടുന്ന് നമ്മെ അഭിഷേകം ചെയ്തിരുക്കുന്നത്.

സുവിശേഷം എന്നത്
രക്ഷയുടെ നിലയ്ക്കാത്ത നാദമാണ്.
വിശുദ്ധിയുടെ വറ്റാത്ത ഉറവയാണ്.
പാപികളുടെ അഭയകേന്ദ്രമാണ്.
സത്യമാണതിലെ ചരിത്രം.
നിത്യമാണതിലെ വചസ്സുകൾ.
ശുദ്ധമാണതിലെ ദർശനം.
സത്യത്തിന്റെ , നീതിയുടെ, സമാധാനത്തിന്റെ,
ശാന്തിയുടെ, സ്വാതന്ത്ര്യത്തിന്റെ, മോചനത്തിന്റെ സുവിശേഷമാണിത്.
ഈ സുവിശേഷത്താൽ ഓർമ്മകൾ നിറയണം.
ഈ സുവിശേഷത്താൽ ഹൃദയങ്ങൾ ഭരിക്കപ്പെടണം.
ഈ സുവിശേഷത്താൽ അധരങ്ങൾ തുടികൊട്ടണം.
കൈയിൽ ജപമാലയേന്തി, ജപമന്ത്രങ്ങൾ
ഉരുവിട്ട് നമ്മെത്തന്നെ ഒരുക്കി
സുവിശേഷ പ്രസംഗകരാകാം.

മെയ് മാസറാണിയായ പരിശുദ്ധ അമ്മയുടേയും, തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റേയും തിരുനാൾ ആശംസകൾ നേരുന്നു.

ടച്ച് മീ
എഡിറ്റോറിയൽ ബോർഡ്



## ഇടയമൊഴി

# ബാലാമിന്റെ കഴുത

ദൈവത്തെ കാണാൻ
എന്നും മനുഷ്യൻ ആഗ്രഹിച്ചു...
മോശ കത്തുന്ന മുൾപടർപ്പിൽ
ദൈവമഹത്വം ദർശിച്ചു.
മേഘതൂണിൽ ഇസ്രായേൽ ജനം
ദൈവത്തെ കണ്ടു.
എശയ്യ പ്രവാചകൻ,
മഹത്വത്തിന്റെ സിംഹാസനത്തിൽ
യഹോവയെ ദർശിച്ചു...
എസക്കിയേൽ പ്രവാചകൻ,
മഹത്വത്തിന്റെ രഥത്തിൽ...
ദൈവത്തെ വീക്ഷിച്ചു.
ബാലാം പക്ഷെ അറിയാതെപോയ,
ദൈവീകസാന്നിദ്ധ്യം,
കഴുത തിരിച്ചറിഞ്ഞു...
ഓശാന നാളിൽ, ജെറുസെലെമിലെ,
കഴുത കുഞ്ഞിനും ലഭിച്ചു ദൈവസ്പർശം.
പുതിയ നിയമത്തിൽ മനുഷ്യനെ
തേടുന്ന ദൈവത്തെ നാം കാണുന്നു.
ലോകത്തോടുള്ള സ്നേഹത്തെപ്രതി,
തിരുവോസ്തിയുടെ ഇത്തിരവട്ടത്തിൽ
ചുരുങ്ങിയ ദൈവം...
ആ ദൈവത്തെ കുർബാനയായി,
സ്വീകരിക്കുന്ന കുഞ്ഞുങ്ങളോടൊപ്പം
നമുക്കും പ്രാർത്ഥിക്കാം...
**മാറാനാത്ത... വന്നാലും നാഥ....**

*സസ്നേഹം*
**ദാവീദച്ചൻ**

# 30-ാം ചരമവാർഷികം

04-05-2023





കിഴക്കൂട്ട് മത്തായി

## ജോസ്

കോട്ടയിൽ റോഡ്
കുന്നംകുളം

പ്രാർത്ഥനയോടെ....

ഭാര്യ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ






പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

# വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ,

എല്ലാവർക്കും സുഖമെന്ന് വിശ്വസിക്കുന്നു. അവധിക്കാലം ആഘോഷിക്കുകയായിരിക്കും, അല്ലേ? നമ്മുടെ ദൈവദർശൻ ക്യാമ്പ് എല്ലാവർക്കും ഇഷ്ടപ്പെട്ടുവെന്ന് കരുതുന്നു. ക്യാമ്പിൽ സംബന്ധിച്ചവർക്കെല്ലാം തീർച്ചയായും പുതിയ അനുഭവമായിരുന്നു. (സംബന്ധിക്കാത്തവർക്ക് വലിയ നഷ്ടവും!). അതിനോടനുബന്ധിച്ചു നടത്തിയ അർദ്ധദിന വിനോദയാത്രയും എല്ലാവരും ആസ്വദിച്ചു. അതിനെ സംബന്ധിച്ച് ചിലർക്കെങ്കിലും തെറ്റിദ്ധാരണയുണ്ടായെന്നു തോന്നുന്നു. മൂന്നുദിവസം മുടങ്ങാതെ വരുന്നവരെയാണ് നമ്മൾ വിനോദയാത്രക്ക് പ്രതീക്ഷിച്ചിരുന്നത്. പലപ്രാവശ്യം അത് വ്യക്തമായി പറഞ്ഞിരുന്നതുമാണ്. മാതാപിതാക്കളെങ്കിലും അതിനെക്കുറിച്ച് ബോധവാന്മാരാകേണ്ടതായിരുന്നു. കൂടുതൽ കുട്ടികൾ പങ്കെടുക്കുന്നതിനും മുടങ്ങാതെ വരുന്നതിനും വേണ്ടിയാണ് അങ്ങനെയൊരു നിബന്ധന വെച്ചത്. എല്ലാവർക്കും മനസ്സിലായിക്കാണുമെന്ന് കരുതുന്നു.

അവധിക്കാലം ആഘോഷിക്കുന്നതോടൊപ്പം അടുത്ത അധ്യയനവർഷത്തിലേക്കുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതും നല്ലതാണ്. സ്കൂളിലേയും വിശ്വാസ പരിശീലന ക്ലാസിലേയും അടുത്ത വർഷത്തേക്കുള്ള പുസ്തകങ്ങൾ വാങ്ങി പഠിക്കുന്നതു നല്ലതാണ്.

എല്ലാവർക്കും ആശംസകൾ നേർന്നുകൊണ്ട്

സ്നേഹത്തോടെ
ലില്ലിടീച്ചർ

## ഇടവക പ്രതിനിധി യോഗം

**2023 മെയ് 21 ഞായർ രാവിലെ 7.30ന്**



കുന്നംകുളം സെൻ്റ് സെബാസ്റ്റ്യൻസ് ചർച്ച്


## മേരിമാതാ കുടുംബകൂട്ടായ്മ വാർഷികം

2023 മെയ് 7 ഞായർ വൈകീട്ട് 5 മണിക്ക്
ഇടവക പാരിഷ് ഹാളിൽ

ഉദ്ഘാടനം : **റവ. ഫാ. ദാവീദ് വിതയത്തിൽ** (ഇടവക വികാരി)
മുഖ്യാതിഥി : **ശ്രീ. അൽഫോൺസ് മുട്ടത്ത്**
(കുടുംബകൂട്ടായ്മ കേന്ദ്രസമിതി, മറ്റം ഫൊറോന കൺവീനർ)

**കലാപരിപാടികൾ** | **സമ്മാനദാനം** | **സ്നേഹവിരുന്ന്**

| പ്രസിഡണ്ട് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| വി.ജെ. സുനിൽ | അനു അഭിലാഷ് | വി.ജെ. മിക്കി |



കുന്നംകുളം സെൻ്റ് സെബാസ്റ്റ്യൻസ് ചർച്ച്

## സെൻ്റ് ജോസഫ് കുടുംബകൂട്ടായ്മ വാർഷികം

2023 മെയ് 21 ഞായർ വൈകീട്ട് 6.30ന്
ഇടവക പാരിഷ് ഹാളിൽ

ഉദ്ഘാടനം : **റവ. ഫാ. ദാവീദ് വിതയത്തിൽ** (ഇടവക വികാരി)

**കലാപരിപാടികൾ** | **സമ്മാനദാനം** | **സ്നേഹവിരുന്ന്**

| പ്രസിഡണ്ട് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| എം.ആർ. ആന്റോ | റീന ഭാസി | ജോഫി ജോസഫ് |



# സഭാ വാർത്തകൾ

**അന്താരാഷ്ട്ര മിഷൻ കോൺഗ്രസ്**

തൃശൂർ: ഫിയാത്ത് മിഷൻ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര മിഷൻ കോൺഗ്രസ് 19 മുതൽ 24 വരെ തൃശൂർ ജെറുസലേം ധ്യാനകേന്ദ്രത്തിൽ നടക്കും. മിഷനെപരിചയപ്പെടുത്തുന്ന വിപുലമായ എക്സിബിഷൻ, മലയാളത്തിലും ഇംഗ്ലീഷിലുമുള്ള മിഷൻ ധ്യാനം, ലോകപ്രശസ്ത ധ്യാനഗുരുവായ ഫാ. ജുസപ്പെ ദെ നാർദിയും സംഘവും നയിക്കുന്ന വൈദികർക്കുള്ള ധ്യാനം, മിഷൻകേന്ദ്രങ്ങൾ അവതരിപ്പിക്കുന്ന കൾച്ചറൽ എക്സ്ചേഞ്ച് പരിപാടികൾ, ബിഷപുമാരുമായി തുറന്നു സംസാരിക്കാൻ വേദിയൊരുക്കുന്ന 'മീറ്റ് ദ ബിഷപ്' തുടങ്ങി നിരവധി പരിപാടികളാണ് നാലാമത് മിഷൻ കോൺഗ്രസിൽ ഒരുക്കിയിരിക്കുന്നത്. അതിവിപുലമായ ബൈബിൾ എക്സ്പോ, മിഷൻ തീക്ഷ്ണത വർധിപ്പിക്കാനുതകുന്ന ഷോർട്ട് ഫിലിം ഫെസ്റ്റ്, മിഷനറിമാരെ ആദരിക്കുന്ന മിഷൻ അവാർഡ് സെറിമണി എന്നിവ മിഷൻ കോൺഗ്രസിനോടനുബന്ധിച്ച് നടക്കും.

**ജോൺ പോൾ പുരസ്കാരം ഫാ. ഡാനി കപ്പൂച്ചിന്**

കൊച്ചി: കെസിബിസി മീഡിയ കമ്മീഷൻ നൽകുന്ന മലയാള സിനിമയിലെ മികച്ച നവാഗത തിരക്കാഥാകൃത്തിനുള്ള ജോൺ പോൾ പുരസ്കാരം ഫാ. ഡാനി കപ്പൂച്ചിൻ . 2022 ൽ പുറത്തിറങ്ങിയ വരയൻ എന്ന ചിത്രത്തിനാണ് അവാർഡ്. കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനിയാണ് അവാർഡ് പ്രഖ്യാപിച്ചത്.

**മെക്സിക്കോയിലെ ഏറ്റവും ഉയരം കൂടിയ ക്രിസ്തുശിൽപ്പം ഇനി വിശ്വാസികൾക്ക് സ്വന്തം!**

മെക്സിക്കോ സിറ്റി: മെക്സിക്കോയിലെ ഏറ്റവും ഉയരംകൂടിയ ക്രിസ്തുശിൽപ്പം വിശ്വാസികൾക്ക് സമർപ്പിച്ച് മെക്സിക്കൻ കത്തോലിക്കാ സഭയും ഭരണകൂടവും. സകാറ്റെകാസ് സംസ്ഥാനത്തെ ടബാസ്കോ മുനിസിപ്പാലിറ്റിയിലാണ് 108 അടി ഉയരമുള്ള ക്രിസ്തുശിൽപ്പം ശിരസുയർത്തിയത്. 'സമാധാനത്തിന്റെ ക്രിസ്തു' (ക്രിസ്റ്റോ ഡീലാപാസ്) എന്ന് നാമകരണംചെയ്ത ക്രിസ്തുശിൽപ്പം 'ഫെയ്ത്ത് ആൻഡ് റിലീജ്യനൽ ഹിൽ' എന്നറിയപ്പെടുന്ന കുന്നിൻ മുകളിലാണ് സ്ഥാപിതമായത്.

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
# ഭക്തസംഘടനാ മീറ്റിംഗുകൾ

| | | |
|---|---|---|
| ഒന്നാം ഞായർ | 07.15 am | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| | 10.15 am | വിശ്വാസപരിശീലന അധ്യാപകർ |
| രണ്ടാം ഞായർ | 10.15 am | സി.എൽ.സി. |
| | 05.30 pm | അൾത്താര സംഘം |
| മൂന്നാം ഞായർ | 10.15 am | ഗായക സംഘം |
| നാലാം ഞായർ | 07.15 am | കത്തോലിക്കാ കോൺഗ്രസ്സ് |
| | 10.15 am | മാതൃവേദി |
| | 04.00 pm | കെ.എൽ.എം. |
| | 05.00 pm | അലങ്കാര കമ്മിറ്റി |
| അഞ്ചാം ഞായർ | 07.15 am | ഭക്തസംഘടന ഏകോപന സമിതി |

## ഭക്തസംഘടനകളുടെ മെയ് മാസത്തെ പ്രവർത്തനങ്ങൾ

**മാതൃവേദി**

* വണക്കമാസം കാലംകൂടൽ നടത്തുന്നു. അതിനോടനുബന്ധിച്ച് നേർച്ച പാച്ചോറ് വിതരണം നടത്തുന്നു.
* പള്ളി വൃത്തിയാക്കൽ നടത്തുന്നു.

**കത്തോലിക്ക കോൺഗ്രസ്സ്**

* മികച്ച പ്രകടനം നടത്തുന്ന രണ്ട് ഭക്തസംഘടനകളെ ആദരിക്കുന്നു.

**കെ.എൽ.എം.**

* അൾത്താരസംഘം കുട്ടികളിൽ നിന്നും ഏറ്റവും നല്ല അൾത്താര ബാലന് സമ്മാനം നൽകി ആദരിക്കുന്നു

**കുടുംബകൂട്ടായ്മ കേന്ദ്രസമിതി**

* ദേവസഹായം പിള്ളയുടെ തീർത്ഥാടന കേന്ദ്രത്തിലേക്ക് സന്ദർശനം നടത്തുന്നു.

# ഇടവകയിലേയ്ക്ക് സ്വാഗതം

ആറ്റുപുറം സെന്റ് ആന്റണീസ് ഇടവകയിൽ നിന്നും, നമ്മുടെ ഇടവകയിൽ ചേർന്ന് സെന്റ് സേവിയേഴ്സ് കുടുംബ കൂട്ടായ്മയിൽ അംഗമായ

**പുലിക്കോട്ടിൽ ജോസ് ബൈജുവിനും കുടുംബത്തിനും**

നമ്മുടെ ഇടവകയിൽ ചേർന്ന്
സെന്റ് തോമസ് കുടുംബ കൂട്ടായ്മയിൽ അംഗമായ

**അമ്പഴക്കാടൻ ചാക്കു ജോസഫിനും കുടുംബത്തിനും**

ഇടവകയിലേക്ക് സ്വാഗതം



33 ANNIVERSARY

20-05-2023

# Raju B. Chungath & Bindhu Raju

Chungath House
Kanippayyur, Kunnamkulam
(Mary Matha Unit)

*Best Wishes*
**Ronith, Anna & Paul**



26th ANNIVERSARY

04-05-2023

# SHAJI & NISHA

Vazhappilly House
Kunnamkulam

Best Compliments From
Athul, Anjali, Aneena



# 1-ാം ചരമവാർഷികം

26-05-2023



മാളിയേക്കൽ വർഗ്ഗീസ്

## മേരി

കുന്നംകുളം

(മേരിമാതാ കുടുംബ കൂട്ടായ്മ)

ദുഃഖസ്മരണകളോടെ...
മക്കൾ, മരുമക്കൾ
പേരക്കുട്ടികൾ

ജനനം
29 – 07 – 1932

മരണം
26 – 05 – 2022

# ഇന്നത്തെ യുവജനങ്ങളും ഇടവക പ്രവർത്തനങ്ങളിലെ പങ്കാളിത്തവും



ആനന്ദി സുനിൽ

ഇന്നത്തെ യുവജനത്തിന്റെ ബഹുഭൂരിഭാഗവും പലവിധ കാരണങ്ങളാലും സഭയിൽനിന്ന് ഒന്നും ആവശ്യപ്പെടുന്നില്ല. കാരണം സഭ തങ്ങളുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളം പ്രധാനമായി അവർ കാണുന്നില്ല. ചിലർ തങ്ങളെ ഒറ്റയ്ക്ക് വിട്ടേക്കാൻ പരസ്യമായി ആവശ്യപ്പെടുന്നു. കാരണം സഭയുടെ സാന്നിദ്ധ്യം ഒരു ശല്യമായി അവർ കാണുന്നു. തങ്ങളുടെ ജീവിതത്തിൽ സഭയെ കൊണ്ട് ആവശ്യമില്ല എന്ന് കരുതുന്ന യുവജനങ്ങളുമുണ്ട്.

യുവജനത്തിന്റെ വികാരങ്ങളെ മനസ്സിലാക്കുവാനും ഫലപ്രദമായി കൈകാര്യം ചെയ്യാനും ഇടവക തലത്തിൽ പ്രത്യേക ശ്രദ്ധ വേണ്ടിയിരിക്കുന്നു. ക്രൈസ്തവ സമൂഹത്തിൽ യുവജനത്തിന് നൽകപ്പെട്ടിരിക്കുന്ന പങ്ക് അവരെ ബോദ്ധ്യപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. സമകാലീന യുവജനങ്ങളുടെ യാഥാർത്ഥ്യങ്ങളെ കാണാനും മനസ്സിലാക്കാനും അറിയാനും പ്രതിവിധി തേടാനും ഓരോ ഇടവകയ്ക്കും കഴിയണം. സഭയിൽനിന്നും അകന്നു നിൽക്കുന്ന യുവജനങ്ങളേയും അവരും സഭയും തമ്മിലുള്ള ബന്ധത്തെയും എന്തുകൊണ്ട് അവർ അകന്നു നിൽക്കുന്നു എന്നതിന്റെ കാരണങ്ങളെ കണ്ടെത്തി തിരിച്ചു കൊണ്ടുവരാനുള്ള ഉത്തരവാദിത്തം ഇടവകയിലെ ഓരോ മുതിർന്ന വ്യക്തിക്കും ഉണ്ട്.

ഇന്ന് യുവജനങ്ങൾ സഭാ മാതാവിൽനിന്ന് അകന്നുപോകാൻ പ്രധാനപ്പെട്ട ഒരു കാരണം അവിശ്വാസമാകാം. മാമ്മോദീസാ എന്ന കൂദാശയിലൂടെ തിരുസഭയുടെ മക്കളായി തീരുന്ന ഒരു മകനോ മകളോ കാലങ്ങൾ കഴിയുംതോറും അമ്മയിൽ നിന്നും അടർന്നു പോകുന്നത് എന്തുകൊണ്ട്? കുഞ്ഞുനാളിൽ പകർന്നു കൊടുത്ത വിശ്വാസം ജീവിത യാഥാർത്ഥ്യങ്ങളിൽ കാണാൻ കഴിയാത്തതുകൊണ്ടാണോ?

മതബോധന ക്ലാസ്സുകൾ നൽകുന്ന പ്രകാശത്തിൽനിന്നും അകന്ന്, ഞായറാഴ്ചകളിലും, കടപ്പെട്ട ദിവസങ്ങളിൽ പോലും സാമൂഹ്യ ജീവിത തലത്തിലെ വിജയങ്ങൾ വെട്ടിപ്പിടിക്കാനായി ലോകം വച്ച് നീട്ടുന്ന അറിവ് തേടാനുള്ള വ്യഗ്രതയിലേക്ക് കുഞ്ഞുങ്ങളെ പറഞ്ഞുവിടുന്ന മാതാപിതാക്കളിൽ നിന്നും വിശ്വാസത്തിന്റെ ഫലം എങ്ങനെ കുഞ്ഞുങ്ങൾക്ക് സ്വീകരിക്കാൻ കഴിയും?

ഒരു ഇരുപത് വർഷങ്ങൾ പിന്നിലേക്ക് യാത്രതിരിച്ചാൽ നമ്മുടെ ജീവിതത്തിൽ കളഞ്ഞുപോയ ചില സുകൃതങ്ങളെ കണ്ടെത്താൻ കഴിയും.

വിവിധ ജീവിതാവസ്ഥകളിൽ അത് വിജയമായാലും പരാജയമായാലും നമ്മുടെ മാതാപിതാക്കന്മാരും, അപ്പാപ്പനമ്മാമ്മമാരും വിശ്വാസത്തിന്റെ വിളക്ക് അണയാതെ സൂക്ഷിച്ച് ജീവിച്ചു. ഏതു പ്രതിസന്ധിയുടെ മുന്നിലും അവർ തളരാതെ അതിനെ അഭിമുഖീകരിച്ചത് ദൈവത്തോടും സഭയോടും ഉണ്ടായിരുന്ന നിറഞ്ഞ വിശ്വാസത്തിലായിരുന്നു. ജീവിതത്തിന്റെ കൊടുങ്കാറ്റിൽ, പേമാരിയിൽ, പ്രളയത്തിൽ അവരുടെ ശക്തിമാർഗ്ഗങ്ങളായിരുന്നു ദിവ്യബലിയും, കുടുംബപ്രാർത്ഥനകളും, കൊന്ത നമസ്കാരവും, നൊവേന പ്രാർത്ഥനകളും.

വിദ്യാലയങ്ങളിൽ കുട്ടികളെ അയയ്ക്കുന്നതുപോലെ തന്നെ മതബോധന ക്ലാസ്സുകളിൽ അവർ കുട്ടികളെ വിശ്വാസപൂർവ്വം അയച്ചിരുന്നു. മതബോധനത്തിന് അവർ പ്രാധാന്യം കൊടുത്തിരുന്നു. വിശ്വാസത്തിന്റെ ഏതെങ്കിലും ഒരു അംശം നമ്മിൽ ഉണ്ടെങ്കിൽ അതിന് കാരണം നമ്മുടെ മാതാപിതാക്കൾ നമ്മെ മുടങ്ങാതെ അയച്ച മതബോധന ക്ലാസ്സുകളിൽ നിന്നും ലഭിച്ച വിശ്വാസത്തിന്റെ പാഠങ്ങൾ തന്നെയാണ്. ഏതൊരു പ്രശ്നത്തിനും പരിഹാരം ദേവാലയമായിരുന്നു. യുവജനങ്ങളുടെ വീടായിരുന്നു ദേവാലയം. മതബോധന അദ്ധ്യാപകരും, ഭക്തസംഘടനാ പ്രതിനിധികളുമൊക്കെയായി യുവജനം ഉണർന്നിരുന്നു.

ഇന്ന് ഈ അവസ്ഥ മാറി. യുവജനം സഭയിൽ നിന്നും അകന്നുപോയിരിക്കുന്നു. മാമ്മോദീസ കഴിഞ്ഞ് വിവാഹത്തിന് മാത്രം സമീപിക്കാവുന്ന ഒരു സ്ഥലമായി മാറി ദേവാലയങ്ങൾ. ദിവ്യബലികൾ വൃദ്ധരും കുഞ്ഞുകുട്ടികളും മാത്രം പങ്കുകൊള്ളുന്നവയായി. എന്തുകൊണ്ടാണ് വിശ്വാസജീവിതത്തിൽ ഇങ്ങനെ ഒരു പരാജയം സംഭവിച്ചത്? എന്തുകൊണ്ടാണ് യുവജനങ്ങൾ സഭയ്ക്ക് അന്യരായി തീർന്നത്? അതിന് കാരണങ്ങൾ വളരെ ഗൗരവാവഹമായി കാണുകതന്നെ വേണം.

അനേകം വൈദികർ യുവജനങ്ങൾക്കൊപ്പം നിന്ന് സാമൂഹ്യ പ്രവർത്തനങ്ങളിൽ തങ്ങളുടെ സംഭാവന നൽകുന്നു. പ്രത്യേകിച്ച് കൊറോണ വൈറസ് അടിയന്തരാവസ്ഥയിൽ ഇടവകകളും, ഇടവക സ്ഥാപനങ്ങളും, ഇടവകയിലെ യുവജനങ്ങളും കുടുംബങ്ങളും ഒരുമിച്ച് നിന്ന് ആതുര സേവന രംഗത്തിൽ പ്രവർത്തിക്കാൻ മുന്നിട്ടിറങ്ങി. ഇങ്ങനെയുള്ള പ്രേഷിത മേഖലകൾ വ്യാപിക്കുമ്പോൾ യുവജനം തീർച്ചയായും ഇടയന്മാരുടെ കൂടെനിന്ന് നല്ല ഫലം പുറപ്പെടുവിക്കും.

ദൈവവിളികൾ കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ക്രിസ്തുവിന്റെ വാക്കുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. വിളവധികംവേലക്കാരോ ചുരുക്കം. വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ

വിശാലമായ ഈ ലോകം സുഖം, സന്തോഷം നശ്വരമായ വിജയങ്ങൾ തുടങ്ങിയ മോഹനവാഗ്ദാനങ്ങൾ നൽകി യുവജനത്തെ തന്നിലേക്ക് ആകർഷിക്കുമ്പോൾ ആ വശീകരണ വലയിൽ ഉൾപ്പെടാതെ സഭയുടെ ഹൃദയത്തിലേക്ക് ചേക്കേറുവാൻ അവരെ നയിക്കുന്ന ഓരോ ഇടയനും സ്നേഹിച്ചു പരിപാപാലിക്കുന്ന ദൈവത്തെ അവർക്കു പരിചയപ്പെടുത്തണം. അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന ദൈവത്തെയല്ല, സ്നേഹത്തിന്റെ അടയാളം തന്റെ മുറിവുള്ള ശരീരത്തിൽ സൂക്ഷിക്കുന്ന ദൈവത്തെയാണ് കാണിച്ചുകൊടുക്കേണ്ടത്. പാപിയെ സ്നേഹിക്കുന്ന പാപത്തെ വെറുക്കുന്ന ദൈവത്തിന്റെ സ്നേഹം, കരുണ, വിശ്വസ്ഥത, നന്മ എന്നിവയ്ക്ക് പ്രാധാന്യം നൽകി എല്ലാവരേയും ചേർത്തുപിടിക്കുന്ന ദൈവത്തിന്റെ കരുണയുടെ മുഖം കാണിക്കുവാനായാൽ, ദുർമാതൃകകൾ നൽകാതെ ജീവന്റെ വചനത്തിന് വെളിച്ചം പകരുന്ന ഇടയന്മാരെ യുവനങ്ങൾക്ക് കിട്ടുമെങ്കിൽ... യുവജനങ്ങൾ ഒരിക്കലും സഭയിൽനിന്നും അകന്നുപോകുകയില്ല.

**സെന്റ് സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്**
**കുന്നംകുളം**



**കക്കാട്**
**സെന്റ് ആന്റണീസ് കപ്പേളയിൽ**
# വിശുദ്ധ അന്തോണീസിന്റെ തിരുനാൾ
**2023 മെയ് 28 ഞായർ**

**2023 മെയ് 19 വെള്ളി മുതൽ27 ശനി വരെ**
**വൈകീട്ട് 6.30ന് : ലദീഞ്ഞ്, നൊവേന.**

*തിരുനാൾ ദിനം*



**2023 മെയ് 28 ഞായർ വൈകീട്ട് 6.30ന്**
**ആഘോഷമായ ലദ്ദീഞ്ഞ്, നൊവേന,**
**വർണ്ണമഴ, മേളം, നേർച്ച വിതരണം.**

# ദൈവദർശൻ ക്യാമ്പ്



നമ്മുടെ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ദൈവദർശൻ ക്യാമ്പ് ഏപ്രിൽ 11, 12, 13 തിയ്യതികളിൽ നടത്തി. സലേഷ്യൻ സമൂഹത്തിലെ ബ്രദർ അജീഷ്, ബ്രദർ ആൽവിൻ എന്നിവരാണ് ക്ലാസ്സുകൾ നയിച്ചത്. വളരെ രസകരമായ ക്ലാസ്സുകളായിരുന്നു. 54 കുട്ടികൾ മൂന്നുദിവസവും പങ്കെടുത്തു. മുടങ്ങാതെ വരുന്നവർക്ക് അടുത്ത ദിവസം ഒരു അർദ്ധദിന വിനോദയാത്ര ഉണ്ടായിരുന്നു. അഴീക്കോട് മാർത്തോമ്മാ തീർത്ഥാടന കേന്ദ്രത്തിലേക്കായിരുന്നു യാത്ര. 42 കുട്ടികളും 5 അധ്യാപകരും ഒരു പി.ടി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമായിരുന്നു യാത്രയിൽ പങ്കെടുത്തത്. ഉച്ചയ്ക്ക് 2 മണിക്ക് ഇവിടെനിന്ന് പുറപ്പെട്ടു. അഴീക്കോട് തീർത്ഥകേന്ദ്രത്തിലെ അച്ചൻ അവിടത്തെ പ്രത്യേകതകൾ വിവരിച്ചു. പ്രാർത്ഥനയ്ക്കുശേഷം തിരുശേഷിപ്പ് വന്ദിച്ചു. കുറച്ചുനേരം സാഗരഭംഗി ആസ്വദിച്ച് തിരികെപ്പോന്നു. കുട്ടികൾ യാത്രയും നന്നായി ആസ്വദിച്ചു.

# ആശംസകൾ



*കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക*
*മാതൃവേദി ആനിമേറ്ററായി ചുമതലയേറ്റ*
***സിസ്റ്റർ സുപ്പീരിയർ സിസ്റ്റർ ആൻജോസിന്***
*ഇടവകയുടെ പ്രാർത്ഥനാശംസകൾ*



# മാതാപിതാക്കളോട്...

റീന ടീച്ചർ

ഈശോയിൽ പ്രിയ മാതാപിതാക്കളേ, നിങ്ങളുടെ കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനങ്ങളാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടല്ലോ. വിശ്വസിച്ചേ മതിയാകൂ! കാരണം, ധാരാളം സ്ത്രീകൾ വന്ധ്യത അനുഭവിക്കുന്നത് നമുക്ക് ചുറ്റും നാം കാണുന്ന സങ്കടകരമായ ഒരവസ്ഥ തന്നെയാണ് എന്ന് നാം മനസ്സിലാക്കണം. ദൈവത്തിന്റെ സൃഷ്ടിയിൽ ഒന്നുപോലും ചീത്തയായിട്ടില്ല. ഉണങ്ങിപ്പോകുന്ന പുല്ലിനെപ്പോലും എത്ര സ്നേഹത്തോടെ അവിടുന്ന് പരിപാലിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളെ നാം യഥാർത്ഥത്തിൽ സ്നേഹിക്കുന്നുണ്ടോ. നമ്മുടെ ഇഷ്ടത്തിന് വിപരീത സ്വഭാവം കാണിക്കുകയും പറയുകയും ചെയ്യുന്ന, പഠിക്കേണ്ട സമയത്ത് പഠിക്കാതെ ടി.വി. കണ്ട് സമയം കളയുന്ന, എപ്പോഴും കളിയ്ക്കുന്ന, അനുസരണയില്ലാത്ത, പരീക്ഷയ്ക്ക് തോറ്റുപോകുന്ന, അച്ചടക്കമില്ലാത്ത, വികൃതിയായ അങ്ങനെ എല്ലാവരേയും വെറുപ്പിക്കുന്ന കുഞ്ഞുങ്ങളാണോ നിങ്ങളുടേത്. അവരും നമ്മുടെ കുഞ്ഞുങ്ങളല്ലാതാകുന്നില്ലല്ലോ. നമ്മളെങ്ങനെ നമ്മുടെ മക്കളെ കൈകാര്യം ചെയ്യുന്നുവെന്ന് അല്പസമയം ചിന്തിക്കാം.

ബന്ധുക്കൾ തമ്മിലും അയൽപക്കങ്ങൾ തമ്മിലും പരസ്പരം മക്കളെ താരതമ്യം ചെയ്യുന്ന ഈ കാലഘട്ടത്തിൽ, മേൽപറഞ്ഞ തരം കുഞ്ഞുങ്ങളാണ് ദൈവം നിങ്ങൾക്കായി തന്നതെങ്കിൽ നിങ്ങളുടെ മനസ്സിനെ ശാന്തമാക്കാൻ എന്താണ് നിങ്ങൾ തിരഞ്ഞെടുക്കുന്ന മാർഗ്ഗം? കുഞ്ഞിനെ കലി തീരുവോളം ശിക്ഷിക്കുക. തീ പൊള്ളിക്കുക, അസഭ്യമായ വാക്കുകളാൽ കുഞ്ഞിന്റെ മനസ്സിനെ മുറിവേൽപ്പിക്കുക. എന്റെ കുഞ്ഞാണ് എനിക്ക് ഇഷ്ടമുള്ളത് ചെയ്യും എന്ന പറച്ചിൽ ദൈവനിഷേധവും സ്വാർത്ഥതയും അധികാര മോഹവുമല്ലേ.

കുഞ്ഞുങ്ങളെ ഡോക്ടറോ എഞ്ചിനീയറോ അഥവാ ഏതെങ്കിലും വലിയ പദവികളിൽ എത്തിക്കണമെന്ന് ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ളതായി ആരെങ്കിലും കേട്ടിട്ടുണ്ടോ. ദൈവം തന്ന കുഞ്ഞുങ്ങളെ അവർ എങ്ങനെയായിരുന്നാലും അവരോട് സഹതപിക്കുക. അവർക്ക് വേണ്ടി ഉപവസിച്ച് പ്രാർത്ഥിക്കുക. അവരുടെ ജീവിതത്തിലെ ഓരോ നിമിഷങ്ങളും ദൈവഹിതത്താൽ സംഭവിക്കുന്നതാണെന്ന് വിശ്വസിച്ച്, ആ സൃഷ്ടദൈവത്തിന് സ്വന്തം കുഞ്ഞുങ്ങളെ വിട്ടുകൊടുക്കുകയും, നമ്മുടെ ഭാരവും ഉത്കണ്ഠയും അവിടുത്തെ തോളിൽ ഇറക്കി വെക്കുമ്പോൾ സ്വർഗ്ഗീയ പിതാവ് നമ്മുടെ മക്കളെ ഏറ്റെടുത്ത്, അവരിലൂടെ പുത്രൻ മഹത്വപ്പെടാൻവേണ്ടി അവരെ അനുഗ്രഹിക്കുന്നു എന്ന വസ്തുത സ്വന്തം ജീവിതാനുഭവത്തിൽ നിന്നു

തന്നെ സാക്ഷ്യപ്പെടുത്തുന്നു. അവിടുന്ന് അവരുടെ കാര്യത്തിൽ സദാ ജാഗരൂകനാണെന്നറിയുക. ക്ഷമിക്കാൻ പറ്റാത്ത തെറ്റാണ് നിങ്ങളുടെ കുഞ്ഞുങ്ങൾ ചെയ്തത് എന്ന് തോന്നിയാൽപോലും ശാന്തമാവുക, ഞാൻ ദൈവമാണെന്നറിയുക എന്ന വചനം കുറേ തവണ ദൈവചിന്തയിൽ ഉരുവിട്ടു കൊണ്ടേയിരിക്കുന്നത് നല്ലതാണ്.

എന്റെ പ്രിയ മാതാപിതാക്കളെ, ശരീരത്തിൽ ഉപദ്രവം ഏൽപ്പിക്കുന്ന മാതാപിതാക്കളെ മക്കൾ വെറുക്കുന്നു. എത്ര വലിയ നഷ്ടം അവർ വരുത്തിയാലും ശാന്തമായി ക്ഷമിക്കുന്ന നിങ്ങളുടെ മാതൃക അവരുടെ ഭാവി ജീവിതത്തിന് മുതൽകൂട്ടായിരിക്കും. സ്വന്തം മക്കളുടെ മനസ്സിന്റെ വേദന, ചിന്തകൾ, വികാരങ്ങൾ നിങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ? ആശ്വസിപ്പിക്കേണ്ട നിങ്ങൾ പലപ്പോഴും അവർക്ക് പാരയായി തീർന്നിട്ടില്ലേ. ഓരോ മാതാപിതാക്കളും ഈശോയെ തന്റെ റോൾമോഡൽ ആയി തിരഞ്ഞെടുക്കണം. കുഞ്ഞുങ്ങൾ മൂലം നിങ്ങൾ വേദനിക്കാതിരിക്കേണ്ടതിന് അടിസ്ഥാനമായി ചെയ്യേണ്ട മൂന്ന് കാര്യങ്ങൾ ഇവയാണ്. 1. നമ്മുടെ ഈശോയിൽ വിശ്വസിച്ച് ആശ്രയിച്ച് പ്രത്യാശവെച്ച് അവിടുത്തേക്ക് തന്നെ അവരെ കൊടുക്കുക. 2. ഈശോയുടെ സ്വഭാവങ്ങൾ സ്വയം സ്വായത്തമാക്കുകയും അവരെ പരിശീലിപ്പിക്കുകയും ചെയ്യുക. 3. ക്ഷമിച്ചും സ്നേഹിച്ചും ആശ്വസിപ്പിച്ചും ഈശോയ്ക്ക് വളർത്തുക. ഇതിനു വേണ്ടി മാത്രമാണ് അവിടുന്ന് നമ്മുടെ കരങ്ങളിൽ ഏൽപ്പിച്ചിരിക്കുന്നത് എന്നോർക്കുക.

നമ്മുടെ കുഞ്ഞുങ്ങളുടെ സന്തോഷമായിരിക്കണം നമ്മുടെ സന്തോഷവും. അതിനർത്ഥം നമ്മുടെ കഴിവിലധികമായി കടമെടുത്തിട്ടായാലും മക്കളെ സന്തോഷിപ്പിക്കുക എന്നതല്ല. മറിച്ച്, നമ്മുടെ ദുഃഖങ്ങൾ, സാമ്പത്തിക പരാധീനതകൾ പോലും കുഞ്ഞുങ്ങളുമായി ചർച്ച ചെയ്യുമ്പോൾ ആ കുഞ്ഞ് നിങ്ങളുടെ ജീവിതത്തിന്റെ താങ്ങും തണലുമായി തീരുമെന്ന് തീർച്ചയാണ്. ഇന്നത്തെ തലമുറ സ്നേഹത്തേക്കാൾ സൗഹൃദം ആഗ്രഹിക്കുന്നു. കുടുംബങ്ങളിൽ ഒന്നിച്ചിരുന്ന് എല്ലാം പങ്കുവെക്കുകയും ഒപ്പം പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ, നിങ്ങൾക്ക് കഴിയാത്ത ഒന്നിനും വേണ്ടി അവർ വാശിപിടിക്കില്ല എന്നത് സ്വയം മനസ്സിലാക്കാൻ സാധിക്കും.

കുഞ്ഞുങ്ങൾ നിങ്ങളുടെ തന്നെ രക്തമാണ്. പൂർവ്വികരുടേയോ നിങ്ങളുടെ മാതാപിതാക്കളുടേയോ സഹോദരങ്ങളുടേയോ പലതും മക്കളെ സ്വാധീനിച്ചിട്ടുണ്ടാകാം. മക്കൾ ഒരിക്കലും തെറ്റുകാരാകുന്നില്ല. അവർ ഇങ്ങനെയൊക്കെ ആയിപ്പോയത് അവരുടെ മാത്രം തെറ്റുകൊണ്ടല്ലെന്ന് പ്രിയമാതാപിതാക്കളെ തിരിച്ചറിയുക. അവനിലുള്ള അവനുപോലും ഇഷ്ടപ്പെടാത്ത സ്വഭാവങ്ങൾ മൂലം അവൻ വേദനിക്കുന്നത് നിങ്ങൾ കാണാത്തതെന്ത്? അവരുടെ വികാരങ്ങൾ, ചിന്തകൾ തിരിച്ചറിയാൻ ശ്രമിക്കാത്തത് ഹാ, കഷ്ടം! മാതാപിതാക്കളോട് പറയാത്ത പലതും കൂട്ടുകാരുമായി പങ്കുവെക്കുമ്പോൾ

നിങ്ങൾക്കെവിടെയാണ് പിഴച്ചത്? എല്ലാം തുറന്നുപറയാനുള്ള സ്വാതന്ത്ര്യം നിങ്ങൾ നഷ്ടപ്പെടുത്താതെ, അവരുടെ കൂട്ടുകാരാകാൻ പരിശ്രമിക്കണം.

പ്രാഭാഷകന്റെ പുസ്തകത്തിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. പിതാവിന്റെ അനുഗ്രഹം കുഞ്ഞുങ്ങളെ ബലവത്താക്കുന്നു എന്ന്. അതെ, പ്രിയപ്പെട്ടവരെ, നിങ്ങളുടെ കുഞ്ഞ് ആരോഗ്യമില്ലാത്തവനോ പഠിപ്പ് കുറഞ്ഞവനോ ഭാഗ്യം കെട്ടവനോ ആരുമായികൊള്ളട്ടെ, അവനെ എന്നും ഈശോയുടെ നാമത്തിൽ അനുഗ്രഹിക്കുവിൻ. തന്നതിനെയോർത്ത് നന്ദിപറയുവിൻ. അവർ ഈശോയെ സ്തുതിച്ചാരാധിക്കാൻ മറന്നാലും മടികാണിച്ചാലും, നമ്മുടെ സ്തുതിപ്പുകൾക്ക് ദൈവത്തിന്റെ ശക്തി പ്രകടമാകും. അത്ഭുതങ്ങൾ ദർശിക്കും. ഇത് സത്യമാണ്. അല്ലാതെ നിങ്ങളുടെ ഇഷ്ടം അവരിൽ അടിച്ചേൽപ്പിക്കരുത്. ക്ഷമയോടെ ഈശോയുടെ സമയത്തിനായ് കാത്തിരിക്കണം. പത്ത്മാസം കാത്തിരുന്ന് ഉണ്ണിയെ കാണുമ്പോഴുള്ള സന്തോഷം പോലെ, സാറയും എലിസബത്തും വൃദ്ധരാകുന്നതുവരെ, ദൈവം അവരുടെ ക്ഷമയെ പരീക്ഷിച്ച പോലെ ദൈവത്തോട് മറു ചോദ്യമില്ലാതെ, അവിടുത്തെ ശക്തി പ്രകടമാകുന്നതുവരെ പ്രാർത്ഥനയോടെ കാത്തിരിക്കാം. എങ്കിൽ അവരുടെ ജീവിതം സന്തോഷപ്രദമാകും. ഏഴ് എഴുപത് പ്രാവശ്യം ക്ഷമിക്കാൻ പഠിപ്പിച്ച യേശുനാഥന്റെ വാക്കുകൾ ഓർക്കുക. സ്വന്തം മക്കളോട് ക്ഷമിക്കാൻ നിങ്ങൾക്ക് സാധിക്കുന്നില്ലെങ്കിൽ പ്രശ്നം നിങ്ങളിലാണെന്ന് മനസ്സിലാക്കുക. സ്വയം നിയന്ത്രിച്ച് ഓരോ തെറ്റും നിങ്ങൾ ക്ഷമിക്കുമ്പോൾ കുഞ്ഞിന്റെ മനസ്സിൽ നിങ്ങളോടുള്ള ബഹുമാനവും സ്നേഹവും വർദ്ധിക്കുക മാത്രമല്ല, ക്രിസ്തുവിനെ നിങ്ങളിൽ കണ്ട്, സ്നേഹത്തിൽ വളരുന്നു. എന്നാൽ ഓരോ തെറ്റിനും നിങ്ങൾ ശിക്ഷിക്കുമ്പോൾ നിങ്ങളോടുള്ള വെറുപ്പും വിദ്വേഷവും അവന്റെ മനസ്സിൽ വേരൂന്നുക മാത്രമല്ല, എന്തിന് നമ്മൾ കത്തോലിക്കാ വിശ്വാസം സ്വീകരിച്ച് ദേവാലയത്തിൽ പോകുന്നു എന്ന് ചിന്തിക്കാൻ ഇടവരുത്തുന്നു. നമ്മുടെ മക്കൾ അക്രമാസക്തനോ വെറുപ്പുള്ളവനോ അനുസരണയില്ലാത്തവനോ പ്രാർത്ഥിക്കാത്തവനോ ആയിട്ടുണ്ടെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം മാതാപിതാക്കൾക്ക് തന്നെയാണ്. അതിനാൽ അവസാനമായി ഞാനെഴുതുന്നു, സ്വന്തം കുഞ്ഞുങ്ങളുടെയെങ്കിലും തെറ്റുകൾ ക്ഷമിക്കാനും, അവരുടെ വേദനകളെ മനസ്സിലാക്കി ആശ്വസിപ്പിക്കാനും നമുക്ക് സാധിക്കണം. അവർക്ക് നിങ്ങളല്ലാതെ മറ്റാരാണുള്ളത്. ശാശ്വതമായത് ദൈവവും മാതാപിതാക്കളുമാണെന്ന് ചെറുപ്രായത്തിൽ അവർ അറിയുന്നില്ല. അങ്ങനെ മക്കളോടൊത്ത് കുടുംബജീവിതം സ്വർഗ്ഗമാക്കാൻ പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 07-05-2023 | 3.00 pm | സെന്റ് ജോർജ്ജ് | പാലക്കൽ ദേവസ്സി ജോയ്<br>(സീനിയർ ഗ്രൗണ്ടിന് സമീപം) |
| 07-05-2023 | 5.00 pm | മേരിമാതാ | കുടുംബകൂട്ടായ്മാ വാർഷികം<br>(പാരിഷ് ഹാൾ) |
| 14-05-2023 | 3.00 pm | സെന്റ് ആന്റണീസ് | ചുങ്കത്ത് റപ്പായി ടോണി<br>(കക്കാട്) |
| 14-05-2023 | 4.30 pm | സെന്റ് തോമസ് | ചിറമ്മൽ ജോണിബെപ്പോ പോയിസ്<br>(ചിറളയം) |
| 21-05-2023 | 4.30 pm | സെന്റ് സേവ്യർ | മഠത്തിപ്പറമ്പിൽ ലോനപ്പൻ മാണി<br>(ശാന്തി നഗർ) |
| 21-05-2023 | 6.30 pm | സെന്റ് ജോസഫ് | കുടുംബകൂട്ടായ്മാ വാർഷികം<br>(പാരിഷ് ഹാൾ) |

### കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്



# ബിരിയാണി ചലഞ്ച്

**2023 മെയ് 14 ഞായറാഴ്ച**

വിശ്വാസപരിശീലന പി.ടി.എ.യുടെ കാരുണ്യ പ്രവർത്തന ഫണ്ട് ശേഖരണാർത്ഥം

**വിശ്വാസപരിശീലന പി.ടി.എ.യുടേയും കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടേയും സംയുക്താഭിമുഖ്യത്തിൽ**

**മെയ് 14 ഞായറാഴ്ച ബിരിയാണി ചലഞ്ച് നടത്തുന്നു.**

**വിതരണം : മെയ് 14 ഞായർ രാവിലെ 11.30 മുതൽ 1 മണി വരെ**

**Contact : 9846434411, 9605614973, 9961999487**

## ഓർമ്മിക്കേണ്ട ദിനങ്ങൾ

**മെയ്**

| | | |
|---|---|---|
| 1 | തിങ്കൾ | ഉയിർപ്പ് നാലാം തിങ്കൾ<br>തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് |
| 2 | ചൊവ്വ | കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 6.30 PM<br>ഉയിർപ്പ് നാലാം ചൊവ്വ<br>വി. അത്തനേഷ്യസ് മേ.മ. |
| 3 | ബുധൻ | ഉയിർപ്പ് നാലാം ബുധൻ<br>വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 6 | ശനി | സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 6.30 PM<br>ഉയിർപ്പ് നാലാം ശനി<br>വി. ഡൊമിനിക് സാവിയോ |
| 7 | ഞായർ | ഉയിർപ്പ് അഞ്ചാം ഞായർ<br>മാർ അദ്ദായി |
| 13 | ശനി | ഉയിർപ്പ് അഞ്ചാം ശനി<br>മത്തിയാസ് ശ്ലീഹ (14 ഞായർ) |
| 14 | ഞായർ | ഉയിർപ്പ് ആറാം ഞായർ |
| 15 | തിങ്കൾ | ഉയിർപ്പ് ആറാം തിങ്കൾ<br>വിളവുകളുടെ സംരക്ഷകയായ പരി. കന്യകാമറിയം |
| 18 | വ്യാഴം | ഉയിർപ്പ് ആറാം വ്യാഴം<br>നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| 21 | ഞായർ | ഉയിർപ്പ് ഏഴാം ഞായർ |
| 28 | ഞായർ | ശ്ലീഹ ഒന്നാം ഞായർ<br>പന്തക്കുസ്ത തിരുനാൾ |
| 31 | ബുധൻ | ശ്ലീഹ ഒന്നാം ബുധൻ<br>പരി. കന്യകാമറിയത്തിന്റെ സന്ദർശനം |

**ജൂൺ**

| | | |
|---|---|---|
| 2 | വെള്ളി | ശ്ലീഹ ഒന്നാം വെള്ളി (ആദ്യവെള്ളി - സ്വർണ്ണ വെള്ളി) |
| 4 | ഞായർ | ശ്ലീഹ രണ്ടാം ഞായർ<br>പരി. ത്രിത്വത്തിന്റെ തിരുനാൾ |

## പ്രതിനിധിയോഗ വാർത്തകൾ

1. മാർച്ച് മാസത്തെ റിപ്പോർട്ടും വരവ് ചെലവും കണക്കും വായിച്ച് പാസ്സാക്കി.
2. പെസഹാ കവർ 145 എണ്ണം കിട്ടിയതായി അറിയിച്ചു.
3. പള്ളിയിലെ എല്ലാ സ്ഥാവര ജംഗമ വസ്തുക്കളും ഇൻവെന്ററി ബുക്കിൽ എഴുതി സൂക്ഷിക്കണമെന്ന് വികാരിയച്ചൻ അറിയിച്ചു.
4. കുടിശ്ശിക ബുക്ക് തയ്യാറാക്കി വരുന്നതായി കൈക്കാരന്മാർ അറിയിച്ചു.
5. ഇടവക പള്ളിയുടെ ഭാവിയിലെ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഒരു കരട് രൂപം തയ്യാറാക്കണമെന്ന് അറിയിച്ചു.

# കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ
# *വലിയനോമ്പ് ഒരു എത്തിനോട്ടം*

**വിഭൂതി തിരുനാൾ:-**

വിഭൂതി ദിനത്തിൽ, രാവിലെ വിശുദ്ധ കുർബാനയും, വിഭൂതി ആശീർവ്വദിച്ച് വിഭൂതി (കരികുറി) പാക്കറ്റിലാക്കി ഇടവകജനങ്ങൾക്ക് വിതരണവും ചെയ്തു.

**പാലയൂർ ജാഗരണ പദയാത്ര:-**

വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക്, കുരിശും കൈകളിലേന്തി, കുരിശിന്റെ വഴി ചൊല്ലി വൈകീട്ട് പദയാത്ര നടത്തി.

**പാലയൂർ മഹാതീർത്ഥാടനം :-**

പാലയൂർ മഹാതീർത്ഥാടനത്തിൽ, ചേലക്കര-എരുമപ്പെട്ടി മേഖല പദയാത്രയിൽ ഇടവകാംഗങ്ങൾ സജീവമായി പങ്കെടുത്തു.

**നോമ്പുകാല വാർഷികധ്യാനം :-**

മാർച്ച് 30, 31, ഏപ്രിൽ 1 തിയ്യതികളിൽ വൈകീട്ട് റവ. ഫാ. ജെയ്സൺ വടക്കൻ OFM കപ്പൂച്ചിൻ നയിച്ച വാർഷിക ധ്യാനം നടത്തി.

**കുരിശിന്റെ വഴി :-**

നോമ്പ് കാലത്ത് രാവിലെ വി. കുർബാനയ്ക്ക് മുമ്പ് കുരിശിന്റെ വഴിയും ഞായറാഴ്ചകളിൽ വൈകീട്ട് ആഘോഷമായ കുരിശിന്റെ വഴിയും നടത്തി.

**ഓശാന ഞായർ :-**

ഓശാന ഞായറാഴ്ച രാവിലെ ചിറളയം സെന്റ് മേരീസ് കപ്പേളയിൽ കുരുത്തോല വെഞ്ചിരിപ്പും, കുരുത്തോല വിതരണവും, തുടർന്ന് പള്ളിയിലേക്ക് കുരുത്തോല പ്രദക്ഷിണവും വി. കുർബാനയും ഉണ്ടായി.

**പെസഹാ തിരുന്നാൾ :-**

പെസഹാ വ്യാഴാഴ്ച കാൽകഴുകൽ ശുശ്രൂഷയും, വിശുദ്ധ കുർബാനയും പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണവും, തുടർന്ന് ദിവസം മുഴുവൻ കുടുംബകൂട്ടായ്മകളുടേയും, ഭക്തസംഘടനകളുടേയും നേതൃത്വത്തിൽ സമയക്രമമനുസരിച്ച് ആരാധനയും ഉണ്ടായി. വികാരി അച്ചന്റെ നേതൃത്വത്തിൽ വി. കുർബാന ആരാധനക്കായി എഴുന്നെള്ളിച്ച് വെച്ച 14 പള്ളികളിലെ സന്ദർശനവും, വൈകീട്ട് 7 മണിക്ക് പൊതു ആരാധനയും, ആരാധന സമാപനത്തിന് ശേഷം, മാതൃവേദിയുടെ ആഭിമുഖ്യത്തിൽ പെസഹാ അപ്പവും, പാലും വിതരണവും ചെയ്തു.

**ദുഃഖവെള്ളി:–**

ദുഃഖവെള്ളിയാഴ്ച രാവിലെ പീഠാനുഭവ ചരിത്രവായനയും പുത്തൻപാന വായനയും, ശ്ലീവാ വണക്കവും, വൈകീട്ട് അഞ്ഞൂർ റോഡ്, കുന്നംകുളം ടൗൺ വഴി പരിഹാര പ്രദക്ഷിണവും ഉണ്ടായി. പരിഹാര പ്രദക്ഷിണത്തിൽ കർത്താവിന്റെ ശവമഞ്ചം അലങ്കരിച്ച് നഗരികാണിക്കലും, സി.എൽ.സി.യുടെ നേതൃത്വത്തിൽ ടാബ്ലോയും, തുടർന്ന് പള്ളിയിൽ റവ. ഫാ. റോജർ വാഴപ്പിള്ളി OFM കപ്പൂച്ചിന്റെ ദുഃഖവെള്ളി സന്ദേശവും, KLMന്റെ നേതൃത്വത്തിൽ കഞ്ഞി, ഉപ്പേരി വിതരണവും ഉണ്ടായി.

**ദുഃഖശനി :–**

ദുഃഖശനിയാഴ്ച രാവിലെ വി. കുർബാനയും, മാമ്മോദിസ വ്രത നവീകരണവും, ഹന്നാൻ ജല വെഞ്ചിരിപ്പും, ഹനാൻ ജലം പാക്കറ്റിലാക്കി ഇടവക ജനങ്ങൾക്ക് വിതരണവും ചെയ്തു.

**ഉയിർപ്പ് തിരുനാൾ :–**

ശനിയാഴ്ച രാത്രി 11.30ന് സെന്റ് മേരീസ് കപ്പേളയിൽ ഉയിർപ്പ് തിരുകർമ്മങ്ങളുടെ ആരംഭവും, പള്ളിയിലേക്ക് തിരി പ്രദക്ഷിണവും, വി. കുർബാനയും ഉണ്ടായി. CLCയുടെ നേതൃത്വത്തിൽ ഉയിർപ്പിന്റെ ദൃശ്യാവിഷ്കാരം നടത്തി. ഈ നോമ്പ് കാലത്ത് എല്ലാ ദിവസവും മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുത്ത വിശ്വാസ പരിശീലന വിദ്യാർത്ഥികൾക്ക് വിശ്വാസപരിശീലന പി.ടി.എ. സമ്മാനങ്ങൾ വിതരണം ചെയ്തു. വി. കുർബാനക്ക് ശേഷം കത്തോലിക്ക കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ നോമ്പ് വീടലും (അപ്പം, ഇടിയപ്പം, പത്തിരി, ചിക്കൻകറി) ഉണ്ടായിരുന്നു.



***461-ാമത്***
***ലോക സി.എൽ.സി. ദിനത്തോടനുബന്ധിച്ച്***
***കുന്നംകുളം ഇടവകയിൽ***
***സി.എൽ.സി. പതാകദിനം ആചരിച്ചു.***

ഇടവക വികാരി
**റവ. ഫാ. ദാവീദ് വിതയത്തിൽ**
പതാക ഉയർത്തി

ഭാരവാഹികളായ
ജെറിൻ ജെയ്മോൻ, ജെസ്ന സി.ജെ.,
സ്റ്റെഫി സണ്ണി, എബിൻ ബാബു, ചിഞ്ചു കിഴക്കൂട്ട്,
മെർലിൻ, രാഹുൽ എന്നിവർ നേതൃത്വം നൽകി.




ഓശാന ഞായർ








പെസഹാ വ്യാഴം






# ദുഃഖവെള്ളി & ഈസ്റ്റർ



# സ്വരം ശ്രവിക്കുമ്പോൾ

**സിസ്റ്റർ സാനി തെരേസ്**

ഒരു കുഞ്ഞ് ജനിക്കുമ്പോൾ മുതൽ അവന്റെ ശ്രവണശേഷിയും പലവിധത്തിലുള്ള സ്വരങ്ങളും ആംഗ്യങ്ങളും വഴി മറ്റുള്ളവർക്ക് തിരിച്ചറിയാൻ കഴിയുന്നു. ഒരാൾ ഫോൺ വിളിക്കുമ്പോൾ അത് എടുക്കുന്ന ആൾ വിളിച്ച ആൾ പറയുന്ന കാര്യം ശ്രവിക്കുകയും പ്രത്യുത്തരം നൽകുകയും ചെയ്യുന്നു. വിളിയും പ്രത്യുത്തരവും പരസ്പര പൂരകമായ രണ്ടു വാക്കുകളാണ്. ബൈബിളിൽ വിളി എന്ന പദം പ്രധാനമായും ഉപയോഗിച്ചിരിക്കുന്നത് ദൈവത്തിന്റെ രക്ഷാകരകർമ്മത്തിൽ പങ്കുചേരുവാനുള്ള ആഹ്വാനത്തെ സൂചിപ്പിക്കുവാനാണ്. സൃഷ്ടിയുടെ ആരംഭം മുതൽ ദൈവത്തിന്റെ വിളിയും മനുഷ്യന്റെ പ്രത്യുത്തരവും തുടർന്നുകൊണ്ടിരിക്കുന്നു.

ഓരോ വിളിയും ദൈവം നൽകുന്നതാണ്. ദൈവത്തിന്റെ വിളി സ്വീകരിച്ചവരാണ് ഈ ലോകത്തിൽ ജീവിക്കുന്ന ഓരോ മനുഷ്യനും. ഫ്രാൻസീസ് മാർപാപ്പ പറയുന്നു. "അവിടുന്ന് നിന്നെ വിളിക്കുന്നു, ജീവിതത്തിലേക്ക് വിളിക്കുന്നു, വിശ്വാസത്തിലേക്ക് വിളിക്കുന്നു, ഒരു പ്രത്യേക ജീവിതാന്തസ്സിലേയ്ക്ക് വിളിക്കുന്നു. ദൈവത്തിന്റെ വിളിയോട് പ്രത്യുത്തരിക്കുക. ദൈവത്തിനും സഹോദരങ്ങൾക്കും വേണ്ടി സ്വയം പൂർണ്ണമായി സമർപ്പിക്കുകയാണ്, ഓരോ വിശ്വാസിയുടേയും ഏറ്റവും വലിയ ആനന്ദം.

ഏത് ജീവിതരീതിയിലേക്ക് ദൈവം തങ്ങളെ വിളിക്കുന്നതെന്ന് വിവേചിച്ചറിയാൻ യുവജനങ്ങൾക്ക് സാധിക്കണം. സാമുവൽ പ്രവാചകനെ ദൈവം വിളിച്ചപ്പോൾ അത് തിരിച്ചറിയാനാകാതെ ഏലിയാണ് തന്നെ വിളിച്ചതെന്ന് കരുതി പുരോഹിതനായ ഏലിയുടെ പക്കലെത്തിയപ്പോൾ കർത്താവാണ് സാമുവലിനെ വിളിക്കുന്നതെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഏലിയുടെ ഉപദേശമനുശരിച്ച് വീണ്ടും തന്നെ വിളിച്ച ദൈവത്തോട് "സാമുവൽ പ്രതിവചിച്ചു: അരുളിച്ചെയ്താലും അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു". (1 സാമുവൽ 3:10) പ്രാർത്ഥനയിലൂടെയും തിരുവചനത്തിലൂടെയും, കൂദാശകളിലൂടേയും സംസാരിക്കുന്ന ദൈവത്തിന്റെ സ്വരം ശ്രവിക്കാനും അതിന് പ്രത്യുത്തരം നൽകാനും ഇന്നും അനേകം മക്കളെ ദൈവം പ്രചോദിപ്പിക്കുന്നു.

എല്ലാവരേയും ദൈവം പൗരോഹിത്യത്തിലേയ്ക്കും സമർപ്പിത ജീവിത്തിലേക്കും വിളിക്കുന്നില്ല. ദൈവത്തിന്റെ പ്രത്യേക ദാനമായ ഈ വിളി വിവേചിച്ചറിയാനും പ്രത്യുത്തരമേകാനും

സാധിച്ച അനേകം പുരോഹിതരും സമർപ്പിതരും ഇന്നും ലോകത്തിൽ ഈശോയ്ക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് വിശുദ്ധിയോടെ ജീവിക്കുന്നു. എന്നാൽ വിളിക്കപ്പെട്ടിട്ടും വിളി വിവേചിച്ചറിയാൻ സാധിക്കാത്തവരും അവിടുത്തെ വിളിക്ക് പ്രത്യുത്തരമേകാൻ സാധിക്കാത്തവരുമായ അനേകം യുവജനങ്ങൾ ഇന്ന് തിരുസഭയിൽ ഉണ്ട്. സോഷ്യൽ മീഡിയയുടെ അതിപ്രസരം സമർപ്പിത ജീവിതത്തിലേക്കുള്ള വിളിയെ മാത്രമല്ല നല്ല കുടുംബജീവിതത്തിനും തടസ്സമാണെന്ന് പറയാം. ക്രൈസ്തവ ധാർമ്മികതയും ജീവിതവിശുദ്ധിയും മറന്ന് ലൗകിക സന്തോഷങ്ങളിൽ ആനന്ദം കണ്ടെത്തുന്ന യുവതലമുറയ്ക്ക് ക്രൈസ്തവ ജീവിതമൂല്യങ്ങൾ പകർന്നുനൽകുവാൻ, ലൗകിക സമ്പത്തിനും സുഖലോലുപതയ്ക്കുമപ്പുറം മക്കളെ നിത്യമായ ആനന്ദം പകർന്നു നൽകുന്ന പ്രാർത്ഥനയിലേക്കും കൂദാശകളിലേക്കും വചനാഗ്നിയിലേക്കും നയിക്കുവാൻ മാതാപിതാക്കൾക്ക് സാധിക്കുന്നുണ്ടോ? മാതാപിതാക്കളുടെ പ്രാർത്ഥനാചൈതന്യവും ജീവിതമാതൃകയും മക്കളുടെ ജീവിതത്തെ മാത്രമല്ല അവരുടെ വിളിയെയും ഒരു പരിധിവരെ സ്വാധീനിക്കുന്നു.

ദൈവത്തിന്റെ വിളി ശ്രവിക്കുന്നതിൽ നിന്ന് യുവ ജനങ്ങളെ തടസ്സപ്പെടുത്തുന്ന ഘടകങ്ങൾ പലതാണ്. ചിലർക്ക് ലൗകിക സന്തോഷങ്ങളെ ഉപേക്ഷിക്കാനുള്ള മടിയാണെങ്കിൽ മറ്റു ചിലർക്ക് മാതാപിതാക്കളേയും പ്രിയപ്പെട്ടവരേയും ഉപേക്ഷിക്കാൻ സാധിക്കാത്തതാകാം. വിളി തിരഞ്ഞെടുക്കുവാൻ മക്കളെ തടസ്സപ്പെടുത്തുന്ന മറ്റൊരു പ്രധാന ഘടകമാണ് മാതാപിതാക്കളുടെ അമിത വാത്സല്യവും ഉൽക്കണ്ഠയും. തങ്ങളുടെ വിളി തിരഞ്ഞെടുക്കുന്നതിൽനിന്ന് മക്കളെ പിന്തിരിപ്പിക്കുവാനുള്ള മാതാപിതാക്കളുടെ പരിശ്രമം ദൈവത്തിന്റെ പദ്ധതിക്കെതിരാണ് എന്ന് അവർ തിരിച്ചറിയുന്നില്ല. സഹനങ്ങളും പ്രശ്നങ്ങളും ഏത് ജീവിതാന്തസ്സിലായാലും ഉണ്ടാകും. കുടുംബപ്രശ്നങ്ങൾ അനുദിനം വർദ്ധിച്ചുവരുന്നതുകൊണ്ട് ഏതെങ്കിലും മാതാപിതാക്കൾ മക്കളുടെ വിവാഹം നടത്തിക്കൊടുക്കാതിരിക്കുമോ? സമൂഹ മാധ്യമങ്ങളിലൂടെ പൗരോഹിത്യത്തെയും സമർപ്പിത ജീവിതത്തെയും അപഹാസ്യമായി ചിത്രീകരി



## വണക്കമാസ ആചരണം

**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക**

**മാതൃവേദിയുടെ നേതൃത്വത്തിൽ**

**2023 മെയ് 31 ബുധനാഴ്ച**

**പരി. മാതാവിന്റെ വണക്കമാസം കാലംകൂടുന്നു**

**നേർച്ച(പാച്ചോറ്)വിതരണം ഉണ്ടായിരിക്കുന്നതാണ്.**

ക്കുന്ന ഇന്നത്തെ ലോകത്തിലും വളരെപ്പേർ പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേയ്ക്കും കടന്നുവരുന്നു എന്നതിന് നമുക്ക് ദൈവത്തിന് നന്ദിപറയാം. ഇവരുടെയെല്ലാം പ്രചോദനം അവരുടെ മതാപിതാക്കളുടെ നല്ല മാതൃകയും പ്രാർത്ഥനയും അബ്രാഹത്തെപ്പോലെ തങ്ങൾക്ക് പ്രിയപ്പെട്ടതിനെ സമർപ്പിക്കാനുള്ള വിശ്വാസ തീഷ്ണതയുമുണ്ട്. +2 പഠനം കഴിഞ്ഞ് മഠത്തിൽ ചേർന്ന എന്നെ മൂന്നു വർഷത്തിനുശേഷം മാതാപിതാക്കൾ രോഗം മൂലം തിരിച്ചുകൊണ്ടുവന്നു. വീണ്ടും വിടാൻ സാധ്യതയില്ലാതിരുന്നിട്ടും ഡിഗ്രി പഠനശേഷം രോഗം മാറി മഠത്തിൽ പ്രവേശിക്കുവാൻ സാധിച്ചത് എന്റെ ആഗ്രഹത്തെ എല്ലാവരും എതിർത്തപ്പോഴും ദൈവകരങ്ങളിൽ ആശ്രയിച്ച് എന്റെ ചാച്ചൻ എനിക്ക് അനുവാദം തന്നതുകൊണ്ടാണ്. ഏത് ജീവിതാന്തസ്സിലായാലും ദൈവം എല്ലാവരേയും വിശുദ്ധിയിലേക്കാണ് വിളിച്ചിരിക്കുന്നത്. നല്ല കുടുംബങ്ങളിൽ നിന്നാണ് നല്ല ദൈവവിളികൾ ഉണ്ടാകുന്നത്. ദൈവം ദാനമായി നൽകിയ എല്ലാ മക്കളേയും ദൈവത്തിനായ് സമർപ്പിച്ച മാതാപിതാക്കളായ വി. ലൂയി മാർട്ടിന്റേയും വി. സെലിഗ്വെരിന്റേയും ഇളയമകളാണ് വി. കൊച്ചുത്രേസ്യ. വിശുദ്ധരെ വാർത്തെടുക്കുന്ന നല്ല കുടുംബങ്ങളായി നമ്മുടെ കുടുംബങ്ങൾ മാറട്ടെ. അതിനായി നിത്യപുരോഹിതനായ ഈശോയെ വളർത്തിയ പരിശുദ്ധ അമ്മയുടേയും വി. യൗസേപ്പിതാവിന്റേയും മാധ്യസ്ഥം നമുക്കു തേടാം.


## രക്തദാനം! മഹാദാനം!!

**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്**
**കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ**
**തൃശൂർ IMA ബ്ലഡ് ബാങ്കുമായി സഹകരിച്ച്**

*2023 ജൂലൈ 2 ഞായർ 10 am - 1.30 pm, ഇടവക ദൈവാലയ അങ്കണത്തിൽ*

## രക്തദാന ക്യാമ്പും


**ഡോ. ജിജു ബേബി ചുങ്കത്തിന്റെ നേതൃത്വത്തിൽ**
**സൗജന്യ ഡയബറ്റിക്, കൊളസ്ട്രോൾ, ബ്ലഡ് പ്രഷർ പരിശോധനയും**

**P.S.A. TEST+MEDICAL CHECKUP**
**(ABOVE 45 YEARS - MALES)**
**ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് മാത്രം**

**രക്തം ദാനം ചെയ്യാൻ തയ്യാറുള്ളവർ എത്രയുംവേഗം കത്തോലിക്ക കോൺഗ്രസ്സ് ഭാരവാഹികളെ ബന്ധപ്പെടുക**

പ്രസിഡണ്ട് : എൻ.ജെ. ജെയ്മോൻ Mob: 88489 29956
സെക്രട്ടറി : പി.ആർ. സജി Mob: 92880 03897
ട്രഷറർ : വി.ജെ. സുനിൽ Mob: 94476 15901

പാവനസ്മരണക്ക്





14–ാം ചരമവാർഷികം

13-05-2023

## മഠത്തിപറമ്പിൽ
## തോമ
# ലോനപ്പൻ

സ്മരണകളോടെ

മക്കൾ, മരുമക്കൾ
പേരക്കുട്ടികൾ

---

പാവനസ്മരണയ്ക്ക്

20-ാം
ചരമവാർഷികം

19-05-2023





## എലുവത്തിങ്കൽ
## കാട്ടൂക്കാരൻ
# വാവു
# കുരിയൻ

കോട്ടയിൽ റോഡ്, കുന്നംകുളം

സ്നേഹസ്മരണകളോടെ കുടുംബാംഗങ്ങൾ

**7th Death Anniversary**

**16 - 05 - 2023**





*In Loving Memory of*

# WILSON PAUL

*Panakkal house*
*YMCA Road*
*Kunnamkulam*

---

പാവനസ്മരണയ്ക്ക്



**വടക്കൂട്ട്**
**കൊച്ചാപ്പു**

# ചാക്കുണ്ണി

വടക്കൂട്ട് ഹൗസ്
കിഴക്കേ അങ്ങാടി – കുന്നംകുളം

| ജനനം | മരണം |
|---|---|
| 30 – 01 – 1928 | 19 – 05 – 2008 |

സ്നേഹസ്മരണകളോടെ: സന്തപ്തകുടുംബാംഗങ്ങൾ



# 'ഫാറ്റിലിവർ' എങ്ങനെ തടയാം

നിത ഡിന്റോ (ഫിസിയോതെറാപ്പിസ്റ്റ്)

സങ്കീർണ്ണമായ നിരവധി ധർമ്മങ്ങൾ ശരീരത്തിൽ നിർവഹിക്കുന്ന അതിപ്രധാനമായ ആന്തരികാവയവമാണ് കരൾ. കേടുപറ്റിയാൽ സ്വയം സുഖമാകാനും പ്രവർത്തനങ്ങളെ പഴയക്രമത്തിലാക്കാനും കഴിവുള്ള, ശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥിയായ കരൾ, രോഗലക്ഷണങ്ങൾ ഒട്ടും പ്രകടിപ്പിക്കാതെ പ്രവർത്തനം തുടരുന്നതിനാൽ ഒട്ടുമിക്ക കരൾ രോഗങ്ങളും ഏറെ വൈകിയാണ് കണ്ടുപിടിക്കാറുണ്ടത്.

**എന്താണ് ഫാറ്റിലിവർ?**

കരളിൽ കൊഴുപ്പ് അടിയുന്നതാണെന്ന് ഒറ്റവാക്കിൽ പറയാം. പക്ഷെ ഈ കൊഴുപ്പിന്റെ പ്രവർത്തനം മൂലം കരൾ കോശങ്ങളുടെ പ്രവർത്തനം തകരാറിലാവുകയും നീർക്കെട്ടിന്റെ ഫലമായി ലിവർ സിറോസിസ് പോലുള്ള രോഗങ്ങളിലേക്ക് നയിക്കും.

**കാരണങ്ങൾ എന്തെല്ലാം?**

പ്രധാനമായും രണ്ടു തരത്തിൽ കാണാം. മദ്യപാനം മൂലം ഉള്ളതും (Alcoholic Fatty Liver), അല്ലാതെ ഉള്ള കാരണങ്ങൾ ആയ പ്രമേഹം, അമിതവണ്ണം, ഉയർന്ന കൊളസ്ട്രോൾ തുടങ്ങിയ കൊണ്ടു വരുന്ന നോൺ-ആൽക്കഹോളിക് ഫാറ്റി ലിവർ (Non-Alcoholic Fatty Liver)ഉം.

കരളിനുണ്ടാകുന്ന ചില രോഗങ്ങളുടെ ആദ്യ ലക്ഷണമായും ഫാറ്റിലിവർ കാണപ്പെടാറുണ്ട്. ഹെപ്പറ്റൈറ്റിസ് സി, വിൽസൺസ് ഡിസീസ് എന്നിവ ഉദാഹരണമാണ്.

ചില മരുന്നുകളുടെ അമിത ഉപയോഗം, സ്ഥിരമായ ഉപയോഗം എന്നിവയും, വണ്ണം കുറക്കാൻ പട്ടിണികിടക്കുന്നതും ഫാറ്റിലിവറിനു കാരണമായി കാണപ്പെടാറുണ്ട്.

**ലക്ഷണങ്ങൾ**

* തുടക്കത്തിൽ പ്രകടമായ ലക്ഷണങ്ങൾ ഉണ്ടാകാറില്ല.
* അടിവയറ്റിൽ വേദന, തലചുറ്റൽ, ക്ഷീണം, അസ്വസ്ഥത, ഭാരക്കുറവ് എന്നിവ രോഗം മൂർച്ചിക്കുമ്പോൾ മാത്രം ചിലരിൽ കാണാറുണ്ട്.

**എങ്ങനെ കണ്ടുപിടിക്കാം?**

വേറെ രോഗങ്ങളുടെ ഭാഗമായി ചെക്ക്-അപ്പ് ചെയ്യുമ്പോഴോ സ്കാൻ ചെയ്യുമ്പോഴോ ആണ്, മിക്ക ആളുകളിലും ഇതു കണ്ടെത്താറുള്ളത്.

* അൾട്രാ സൗണ്ട് സ്കാൻ

* രക്ത പരിശോധന (LFT - ലിവർ ഫങ്ഷൻ ടെസ്റ്റ്) എന്നിവയിലൂടെ തീവ്രത അളക്കാനും, വേറെ കരൾ രോഗമാണെന്ന് സംശയം ഉണ്ടെങ്കിൽ ലിവർ ബയോപ്സിക്കും ഡോക്ടർ നിർദ്ദേശിക്കാറുണ്ട്.

**ഫാറ്റിലിവർ ഉള്ളവർ ചെയ്യാൻ പാടില്ലാത്തത്**

1) മധുരം ഒഴിവാക്കുക.
2) കൊഴുപ്പുള്ള ഭക്ഷണങ്ങൾ ഒഴിവാക്കുക. (ഇറച്ചി, ചീസ്, പനീർ)
3) മദ്യപിക്കരുത്.
4) എണ്ണയിലുള്ള ഭക്ഷണങ്ങൾ ഒഴിവാക്കുക. കൂടുതൽ കലോറി ഉള്ള ഈ ഭക്ഷണങ്ങൾ കരളിന്റെ ജോലി കൂട്ടും.
5) സ്വയം ചികിത്സ ഒഴിവാക്കുക, ആവശ്യമില്ലാതെ മരുന്നുകൾ കഴിക്കരുത്, വേദന സംഹാരികൾ ഒഴിവാക്കുക.
6) സോഫ്റ്റ് ഡ്രിങ്ക്സ്, ജംഗ് ഫുഡ്സ്, പ്രോസസ്ഡ് മീറ്റ് എന്നിവ ഒഴിവാക്കുക.

**ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാം?**

1) കുറഞ്ഞത് 2 ലിറ്റർ വെള്ളം എങ്കിലും കുടിക്കുക.
2) ദിവസവും 45 മിനിറ്റ് മുതൽ 1 മണിക്കൂർ വരെ വ്യായാമം ചെയ്യുക.
3) അമിതവണ്ണം കുറക്കുക. പട്ടിണി കിടന്നല്ല, വ്യായാമത്തിലൂടേയും കൊഴുപ്പിന്റെ ഉപയോഗത്തിലുള്ള നിയന്ത്രണം വഴിയും വണ്ണം കുറക്കുക, 5% വണ്ണം കുറയുമ്പോൾ തന്നെ ഫാറ്റിലിവർ നല്ല വ്യത്യാസം വരും.
4) ഷുഗർ, കൊളസ്ട്രോളിന്റെ അളവ് വരുതിയിൽ നിർത്തുക.
5) നാരുകൾ അടങ്ങിയ ഭക്ഷണം കഴിക്കുക, പഴങ്ങൾ, ഇലക്കറികൾ, പച്ചക്കറികൾ എന്നിവ ആഹാരക്രമത്തിന്റെ ഭാഗമാക്കുക.
6) ചെറുമത്സ്യങ്ങൾ കഴിക്കുന്നതും നട്സുകൾ കഴിക്കുന്നതും നല്ലതാണ്.
7) കൃത്യമായ ഇടവേളകളിൽ ഒരു ഗ്യാസ്ട്രോ എൻട്രോളജിസ്റ്റിന്റെ ഉപദേശം തേടുക.

ഇന്ത്യയിൽ പത്തിൽ ഒരാൾക്കു ഫാറ്റിലിവർ ഉണ്ടെന്നാണ് കണക്ക്. വരാതെ നോക്കുന്നതാണ് ചികിത്സിച്ചു ഭേദമാക്കുന്നതിനേക്കാൾ നല്ലത്.

## ലദ്ദീഞ്ഞ്, നൊവേന

| | |
|---|---|
| 06-05-2023 ശനി<br>03-06-2023 ശനി | 6.30 pm സെന്റ് മേരീസ് കപ്പേള |
| 02-05-2023 ചൊവ്വ | 6.30 pm സെന്റ് ആന്റണീസ് കപ്പേള |

പാചക കോർണർ

# മേംഗോപൂൾ

ബിന്ദു രാജു

ചെനച്ച പുളിയില്ലാത്ത മാങ്ങ ചെത്തിപൂളി ഏകദേശം നിറയെ വെള്ളമൊഴിച്ചു നന്നായി വേവിക്കുക. വേവിച്ച് നല്ലതുപോലെ അടിച്ചെടുക്കുക. ഇങ്ങനെ എടുത്ത പൾപ്പിൽ 3 1/2 കപ്പ് പൾപ്പിന് 1 കപ്പ് പഞ്ചാസാര വീതം ചേർത്ത് അടുപ്പത്തുവെച്ചിളക്കി ഒരുവിധം കട്ടിയാക്കുക. വാങ്ങിവെച്ചു തണുക്കുമ്പോൾ നന്നായി തണുപ്പിച്ച് 3/4 ഗ്ലാസ് പൾപ്പിന് 1/4 ഗ്ലാസ്സ് പാലും കൂടി ചേർത്തുപയോഗിക്കുക. പഴുത്ത പപ്പായ, കൈതച്ചക്ക ഇവകൊണ്ടും ഇങ്ങനെ ഉണ്ടാക്കാവുന്നതാണ്. മധുരം കുറവാണെങ്കിൽ പഞ്ചസാര കൂടുതൽ ചേർക്കുക. ആവശ്യമെങ്കിൽ അൽപ്പം ഉപ്പു ചേർക്കുന്നതും നന്ന്.

## ഫാ. ജെയ്സൺ വടക്കൻ OFM കപ്പൂച്ചിൻ

2023 മാർച്ച് 30, 31, ഏപ്രിൽ 1 തിയ്യതികളിൽ ഇടവക ദൈവാലയത്തിൽ നടത്തിയ

## നോമ്പുകാല വാർഷിക ധ്യാനം



പാചക കോർണർ

# മേംഗോപൂൾ

ബിന്ദു രാജു

ചെനച്ച പുളിയില്ലാത്ത മാങ്ങ ചെത്തിപൂളി ഏകദേശം നിറയെ വെള്ളമൊഴിച്ചു നന്നായി വേവിക്കുക. വേവിച്ച് നല്ലതുപോലെ അടിച്ചെടുക്കുക. ഇങ്ങനെ എടുത്ത പൾപ്പിൽ 3 1/2 കപ്പ് പൾപ്പിന് 1 കപ്പ് പഞ്ചാസാര വീതം ചേർത്ത് അടുപ്പത്തുവെച്ചിളക്കി ഒരുവിധം കട്ടിയാക്കുക. വാങ്ങിവെച്ചു തണുക്കുമ്പോൾ നന്നായി തണുപ്പിച്ച് 3/4 ഗ്ലാസ് പൾപ്പിന് 1/4 ഗ്ലാസ്സ് പാലും കൂടി ചേർത്തുപയോഗിക്കുക. പഴുത്ത പപ്പായ, കൈതച്ചക്ക ഇവകൊണ്ടും ഇങ്ങനെ ഉണ്ടാക്കാവുന്നതാണ്. മധുരം കുറവാണെങ്കിൽ പഞ്ചസാര കൂടുതൽ ചേർക്കുക. ആവശ്യമെങ്കിൽ അൽപ്പം ഉപ്പു ചേർക്കുന്നതും നന്ന്.

## ഫാ. ജെയ്സൺ വടക്കൻ OFM കപ്പൂച്ചിൻ

2023 മാർച്ച് 30, 31, ഏപ്രിൽ 1 തിയ്യതികളിൽ ഇടവക ദൈവാലയത്തിൽ നടത്തിയ

## നോമ്പുകാല വാർഷിക ധ്യാനം



ചിൽഡ്രൻസ് കോർണർ




CHRISTY V.J.



SANDRA V.M.




SANIYA V.M.

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

**ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................ ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ : .............................. ഫോൺ നമ്പർ :..............................


**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Gian Giju, Class : 1 , St. Xaviour Kudumba Koottayma

ചിൽഡ്രൻസ് കോർണർ

# ചിത്രശാല

## ചിത്രരചന ലളിതമായി... ഘട്ടംഘട്ടമായി...



ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: .............................................. ഫോൺ നമ്പർ :..................................

# വചന കലണ്ടർ

## 2023 മെയ് MAY


| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | **1**<br>കൊളോ 3:14 – 17<br>മത്താ 13:53 – 58 | **2**<br>1 തിമോ 6:17 – 21<br>മത്താ 19:23 – 30 | **3**<br>1 കോറി 9:16 – 23<br>യോഹ 14:1 – 6 | **4**<br>2 പത്രോ 2:1 – 3<br>മത്താ 15:1 – 9 | **5**<br>എഫേ 5:13 – 21<br>മർക്കോ 6:35 – 44 | **6**<br>1 കോറി 14:20 – 25<br>മർക്കോ 6:1 – 6 |
| **7**<br>ഏശ 49:7 – 13<br>ശ്ലീഹ 9:1 – 9<br>ഹെബ്രാ 10:19 – 25<br>യോഹ 21:1 – 4 | **8**<br>1 പത്രോ 4:12 – 19<br>ലൂക്കാ 11:29 – 32 | **9**<br>യാക്കോ 1:22 – 27<br>മത്താ 21:18 – 22 | **10**<br>കൊളോ 3:5 – 11<br>യോഹ 3:1 – 8 | **11**<br>ഹെബ്രാ 3:7 – 13<br>യോഹ 5:24 – 29 | **12**<br>1 കോറി 2:1 – 5<br>മത്താ 15:10 – 20 | **13**<br>ഹെബ്രാ 7:11 – 17<br>യോഹ 15:26 – 16:4 |
| **14**<br>ഏശ 52:712<br>ശ്ലീഹ 10:9 – 16<br>എഫേ 2:11 – 22<br>യോഹ 17:20 – 26 | **15**<br>1 പത്രോ 2:1 – 5<br>മത്താ 23:23 – 28 | **16**<br>2 പത്രോ 2:1 – 5<br>മർക്കോ 13:32 – 37 | **17**<br>എഫേ 5:1 – 5<br>യോഹ 15:11 – 17 | **18**<br>1 തിമോ 2:1 – 7<br>ലൂക്കാ 24:44 – 53 | **19**<br>ഫിലി 3:12 – 15<br>യോഹ 3:31 – 36 | **20**<br>കോറി 7:32 – 35<br>മത്താ 3:7 – 12 |
| **21**<br>ഏശ 6:1 – 13<br>ശ്ലീഹ 1:15 – 26<br>ഫിലി 2:1 – 11<br>മർക്കോ 16:14 – 20 | **22**<br>തെസ 2:13 – 17<br>യോഹ 4:3 – 15 | **23**<br>1 കോറി 8:8 – 13<br>ലൂക്കാ 12:13 – 21 | **24**<br>യോഹ 4:12 – 21<br>യോഹ 17:1 – 5 | **25**<br>1 യോഹ 1:1 – 13<br>ലൂക്കാ 14:25 – 35 | **26**<br>1 യോഹ 2:22 – 25<br>മത്താ 24:7 – 14 | **27**<br>1കോറി 9:13 – 18<br>മത്താ 18:23 – 25 |
| **28**<br>പുറ 19:1 – 9<br>ശ്ലീഹ 2:1 – 13<br>1 കോറി 12:1 – 11<br>യോഹ 16:5 – 15 | **29**<br>1 കോറി 14:26 – 33<br>മത്താ 11:25 – 30 | **30**<br>2 തെസ 1:3 – 12<br>മത്താ 20:29 – 34 | **31**<br>റോമ 12:9 – 16<br>ലൂക്കാ 1:39 – 45 | **1**<br>ഹെബ്രാ 8:7 – 13<br>യോഹ 2:13 – 25 | **2**<br>കോറി 12:31 – 13:13<br>ലൂക്കാ 7:11 – 23 | **3**<br>1 കോറി 12:12 – 20<br>യോഹ 6:25 – 29 |

"എന്നും ഞങ്ങളുടെ മനസ്സിലൂടെ
ജീവിക്കുന്നു അപ്പാ..."



# 1-ാം
# ചരമ വാർഷികം

**06-05-2023**



# ജോസ്

**മേനാഞ്ചേരി ഹൗസ്**
**തെക്കേപ്പുറം**

| ജനനം | മരണം |
|---|---|
| 05 - 05 - 1956 | 06 - 05 - 2022 |

**ദുഃഖസ്മരണകളോടെ :**
**ഭാര്യ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ**




T.T.DEVASSY JEWELLERY

SINCE 1941

KUNNAMKULAM

CALICUT ROAD, MOB: 94969 16000

www.ttdevassyjewllery.com ttdevassy



Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM